LIBRARY ARCHIVES Kerala Legislative Assembly

ലഘുലേഖകൾ എന്നിവ തയ്യാറാക്കിയും മറ്റും ഇത്തരം കാര്യങ്ങളിൽ കുട്ടികളെ ബോധവൽക്കരിക്കുന്നുണ്ട്. ഈ ശേഷി ആർജ്ജിക്കുന്നതിനുവേണ്ടി 10-ാം തരത്തിലെ മലയാളം പാഠപുസ്തകത്തിൽ 'വിതയ്ക്കാം മാനവികതയുടെ വിത്തുകൾ' എന്ന പാഠം ഉൾപ്പെടുത്തിയിട്ടുണ്ട്. 9-ാം ക്ലാസ്സിലെ ആത്മകഥയും ജീവചരിത്രവും എന്ന ഭാഗത്തും ധാർമ്മികതയ്ക്കും ധാർമ്മികമൂല്യങ്ങൾക്കും ഊന്നൽ നൽകുന്ന കാര്യം പ്രത്യേകം പ്രതിപാദിച്ചിട്ടുണ്ട്. ഈ ശേഷി ആർജ്ജിക്കുന്നതിന് നിലവിലുള്ള മൂല്യനിർണ്ണയ രീതി, നിരന്തര മൂല്യനിർണ്ണയത്തിന്റെ ഭാഗമായി പ്രോജക്ട്, അസൈൻമെന്റ്, റിക്കോർഡ് തുടങ്ങിയ വർക്കുകൾകൂടി ചെയ്യുന്നതിന് കുട്ടികൾക്ക് അവസരമുണ്ട്. ഭാഷാ അധ്യാപകർക്കുള്ള പരിശീലനത്തിനും ഇക്കാര്യത്തിൽ പ്രാധാന്യം നൽകിവരുന്നു. സാമൂഹ്യ-ശാസ്ത്രപരമായിട്ടുള്ള പ്രോജക്ടുകൾ, കേരളത്തിൽ സാമൂഹ്യ ജീവിതത്തെ പുരോഗതിയിലേയ്ക്ക് നയിക്കുന്നതിന് നവോത്ഥാന നായകന്മാർ നൽകിയ പങ്കിനെക്കുറിച്ച് വിവരശേഖരം നടത്തി ലേഖനങ്ങൾ, പതിപ്പുകൾ, ആൽബങ്ങൾ എന്നിവ തയ്യാറാക്കാനുള്ള പ്രോജക്ടുകളുണ്ട്. വ്യക്തി ബന്ധത്തെ സ്വാധീനിക്കുന്ന കുടുംബം, മതം, ഭാഷ, ആചാരാനുഷ്ഠാനങ്ങൾ എന്നിവയെക്കുറിച്ചുള്ള ഘടകങ്ങൾ ചർച്ച ചെയ്ത് ലേഖനം തയ്യാറാക്കുന്നതും ഇതിലുൾപ്പെടുന്നു. ഇന്ത്യൻ ഭരണഘടന, ദേശീയ മനുഷ്യാവകാശ കമ്മിഷൻ, മനുഷ്യാവകാശം സംരക്ഷിക്കുക എന്നിവയും ഇതിന്റെ ഭാഗമായി വരുന്നു. സാമൂഹ്യ ശാസ്ത്രപരമായ മേൽശേഷികൾ നേടുന്നതിന് 10-ാം തരത്തിലെ പാഠപുസ്തകത്തിൽ വ്യക്തിയും സമൂഹവും, ജനാധിപത്യവും ഇന്ത്യയും, മനുഷ്യാവകാശങ്ങൾ എന്നീ അദ്ധ്യായങ്ങൾ വിശദീകരിച്ചിട്ടുണ്ട്. 9-ാം തരത്തിലെ ഭരണകൂടം, ഇന്ത്യൻ സമൂഹം എന്നീ അധ്യായങ്ങളിൽ ഇതു സംബന്ധിച്ച വിശദവിവരങ്ങളുണ്ട്. എൻ.സി.ഇ.ആർ.ടി. തയ്യാറാക്കിയ നാഷണൽ കരിക്കുലം ഫ്രെയിം വർക്കിൽ ധാർമ്മികതയ്ക്കും മൂല്യങ്ങൾക്കും കാലികമായ പ്രാധാന്യം നൽകേണ്ടതാണെന്ന് ശുപാർശചെയ്തിട്ടുണ്ട്. ഇതെല്ലാം വളരെ ഗൗരവമുള്ള കാര്യം തന്നെയാണ്. സമൂഹത്തിലെ ധർമ്മച്യുതിയുടെ ഏറ്റവും പ്രസക്തമായ ഒരു കാര്യമാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. അത് ഗവൺമെന്റ് വളരെ ഗൗരവമായെടുക്കും. നാഷണൽ കരിക്കുലം ഫ്രെയിംവർക്കിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ കരിക്കുലം ചെയ്യുന്ന സമയത്ത് തീർച്ചയായും ഈ കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുതന്നെയാണ് മാറ്റങ്ങൾ വരുത്താൻ പോകുന്നത്.

## (23) കെ.എസ്.ആർ.ടി.സി. പെൻഷനേഴ്സിന് ആനുകൂല്യങ്ങൾ

ശ്രീ. ടി. കെ. ദേവകുമാർ: സർ, കേരളത്തിൽ കെ.എസ്.ആർ.ടി.സി.യിൽ നിന്നും പെൻഷനായ 17,000-ത്തോളം പെൻഷൻകാർ നിലവിലുണ്ട്. ഇവരുടെ സ്ഥിതി വളരെ അനുകമ്പയർഹിക്കുന്ന ഒന്നാണ്. കാരണം 31-5-2002-ൽ പെൻഷനായവർക്കുപോലും ഇപ്പോൾ അവരുടെ പെൻഷൻ ആനുകൂല്യങ്ങൾ കിട്ടുന്നില്ല. പെൻഷൻ പറ്റുമ്പോൾ ജോലിചെയ്തിരുന്ന കാലത്തെ ആനുകൂല്യങ്ങൾ വാങ്ങിയിട്ടുവേണം കുട്ടികളെ വിവാഹം കഴിപ്പിച്ച് അയയ്ക്കാനോ അതല്ലെങ്കിൽ

വീട്ടിൽ ഭാര്യക്കോ മറ്റാർക്കെങ്കിലുമോ മാരകമായ രോഗങ്ങളുണ്ടായാൽ ചികിത്സിക്കാനോ കഴിയുക. ഇവരിൽ പലരും കോടതിയിൽ പോയപ്പോൾ കോടതി വിധിവന്നത്, ദൈനംദിന കളക്ഷനിൽ 10% നീക്കിവച്ച് പെൻഷണേഴ്സിന്റെ ആനുകൂല്യങ്ങൾ കൊടുക്കണമെന്നാണ്. പക്ഷേ വളരെ വർഷങ്ങളായി അവർ ഇന്നും ദു:സ്ഥിതിയിലാണ്. പിരിഞ്ഞു പോകുന്നവരുടെ റിട്ടയർമെന്റ് ആനുകൂല്യം കൃത്യമായി കൊടുക്കുന്നതിനുള്ള ഒരു സംവിധാനമുണ്ടാക്കണം. അതുപോലെ 2001-ൽ 10% ആയിരുന്ന ഡി.എ. കുടിശ്ശിക ഇപ്പോൾ 21% ആയിരിക്കുകയാണ്. പാവപ്പെട്ട പെൻഷൻകാർക്ക് തുച്ഛമായ വരുമാനമാണുള്ളത്. അവരുടെ ജീവിതമാകെ ബുദ്ധിമുട്ടിലാണ്. ഞാൻ സമയക്കുറവുള്ളതുകൊണ്ട് കൂടുതൽ അവരുടെ ബുദ്ധിമുട്ടിലേയ്ക്ക് പോകുന്നില്ല. അവരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങളും ഈ ഡി.എ. കുടിശ്ശികയും കൊടുത്തുകൊണ്ട് അവരെ സഹായിക്കാനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാനുംവേണ്ടി അവരെ വിളിച്ചുകൂട്ടി ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ): സർ, ബഹുമാനപ്പെട്ട ടി. കെ. ദേവകുമാർ പറഞ്ഞത് പൂർണ്ണമായും ശരിയാണ്. കെ.എസ്.ആർ.ടി.സി.യിൽ ഇന്നുള്ള സ്ഥിരം ജീവനക്കാരേക്കാൾ കൂടുതലാണ് പെൻഷൻകാർ. അവർക്ക് ഒരു വർഷം പെൻഷൻ കൊടുക്കുന്നതിന് 115 കോടി രൂപവേണം. യാത്രക്കാരിൽനിന്നു ദിവസവും ടിക്കറ്റ് വിറ്റു കിട്ടുന്ന പൈസയെടുത്താണ് ഇവർക്ക് പെൻഷൻ കൊടുക്കുന്നത്. ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ നിന്നും നേരിട്ട് പെൻഷൻ കൊടുക്കുന്ന ഇന്ത്യയിലെ ഒരേയൊരു സംസ്ഥാനം കേരളം മാത്രമാണ്. മറ്റൊരു സംസ്ഥാനത്തും കോർപ്പറേഷൻ പെൻഷൻ കൊടുക്കുന്നില്ല. ഇവിടെ 115 കോടി രൂപ കോർപ്പറേഷൻ കൊടുക്കുന്നു. അതാണ് കോർപ്പറേഷന്റെ ഇന്നുള്ള ഏറ്റവും വലിയ സാമ്പത്തിക ബുദ്ധിമുട്ട്. ഇവിടെ ബഹുമാനപ്പെട്ട ടി. കെ. ദേവകുമാർ പറഞ്ഞതുപോലെ റിട്ടയർ ചെയ്ത ജീവനക്കാർക്ക് പെൻഷൻ മാസംതോറും കൃത്യമായി കൊടുക്കുന്നു. പക്ഷേ മറ്റ് ആനുകൂല്യങ്ങൾ കൊടുക്കുന്നതിന് 250 കോടി രൂപ ആവശ്യമാണ്. അത് കൊടുക്കാൻ ഇപ്പോൾ കെ.എസ്.ആർ.ടി.സി.ക്കു കഴിയുന്നില്ല. ഇവിടെ പറഞ്ഞതുപോലെ ദിവസ വരുമാനത്തിന്റെ 10% പെൻഷൻ ആനുകൂല്യം കൊടുക്കുന്നതിനുവേണ്ടി പ്രത്യേകം നീക്കിവച്ചിട്ടുണ്ട്. ആ തുകയെടുത്ത് 30-6-2002 വരെയുള്ള ആനുകൂല്യങ്ങൾ കൊടുത്തിട്ടുണ്ട്. കോർപ്പറേഷന്റെ വരുമാനത്തിനനുസരിച്ച് മറ്റുള്ളവരുടെ ആനുകൂല്യങ്ങൾ കൊടുക്കുന്നതാണെന്ന് അറിയിക്കുന്നു.

(24) മാരാംവീട് പാലത്തിനുപകരം പുതിയപാലം

ശ്രീ. പി. നാരായണൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ വൈക്കം-വെച്ചൂർ റോഡ് അന്താരാഷ്ട്ര ടൂറിസ്റ്റ് കേന്ദ്രമായ കുമരകത്തേയ്ക്കുള്ള ഏക എളുപ്പമാർഗ്ഗമുള്ള റോഡാണ്. ഈ റോഡിൽ സ്ഥിതിചെയ്യുന്ന മാരാംവീട്

LIBRARY ARCHIVES Kerala Legislative Assembly